# Kerala Tourism

## JANAYUGOM

### Kadabrayar tourism project will resume on the 17th

**Date :** 2.8.2022 | **Edition :** Kochi | **Page :** 9 | **Clip size (cm) : W:** 9 **H:** 9

PDF

Clip 1

Image Text

# കടമ്പ്രയാർ ടൂറിസം പദ്ധതി 17 ന് പുനരാരംഭിക്കും

കൊച്ചി: കടമ്പ്രയാർ ടൂറിസം പദ്ധതി ഓഗസ്റ്റ് 17 ന് പുനരാരംഭിക്കാൻ തീരുമാനിച്ചതായി ടൂറിസം വകുപ്പ് ജില്ലാ വികസന യോഗത്തിൽ അറിയിച്ചു. കടമ്പ്രയാറിന്റെ ആഴം നിലനിർത്തി പായലുകൾ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. റസ്റ്റോറന്റ്, തൂക്കുപാലം, നടപ്പാത തുടങ്ങിയ ടൂറിസം പ്രവർത്തനങ്ങൾ ഓഗസ്റ്റ് 17 മുതലാരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പി വി ശ്രീനിജിൻ എംഎൽഎയാണ് ജില്ലാ വികസന സമിതി യോഗത്തിൽ വിഷയം ഉന്നയിച്ചത്.

തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് എൽഎസ്ജിഡി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. ചൂണ്ടി-രാമമംഗലം റോഡ് സർവേ നടത്തുന്നതിന് അധിക സർവേയർമാരെ ചുമതലപ്പെടുത്തുമെന്ന് സർവേ ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ അറിയിച്ചു. അഞ്ച് കിലോമീറ്റർ റോഡ് രണ്ടാഴ്ചയ്ക്കകം സർവേ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. നിലവിൽ സർവേയർമാരുടെ കുറവുള്ളതിനാലാണ് പദ്ധതി വൈകുന്നത്. ഇക്കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകണമെന്നും എം എൽ എ നിർദേശിച്ചു.